# കാരുണികൻ

Vol.18 No. 04 Apr. 2021

സമഗ്ര ദൈവശാസ്ത്ര മാസിക



# വചനബോധി
## സീറോമലങ്കര



പത്രാധിപസമിതി

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ


## ഉള്ളടക്കം


**മെയ് 02___ ഉയിർപ്പിനുശേഷം 4-ാം ഞായർ**

**Page : 73** ലൂക്കാ 24:36 – 49

- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. നിർമലാനന്ദ് OIC

**മെയ് 09 ___ ഉയിർപ്പിനുശേഷം 5-ാം ഞായർ**

**Page : 80** യോഹ 16:16 – 24

- ഡോ. ഡേവിസ് പനക്കൽ CMI
- ഫാ. അബ്രഹാം നടുവിലേടം

**മെയ് 16 ___ ഉയിർപ്പിനുശേഷം 6-ാം ഞായർ**

**Page : 88** യോഹ 16:5 – 11

- ഡോ. ഡേവിസ് പനക്കൽ CMI
- ഫാ. മാത്യു ചിറയിൽ

**മെയ് 23___ പെന്തിക്കൊസ്തിപ്പെരുന്നാൾ**

**Page : 93** യോഹ 14:15 – 24

- ഡോ. ജോയ് ഫിലിപ്പ് കാക്കനാട്ട്
- ഫാ. ജിയോ OIC

**മെയ് 30___ പെന്തിക്കൊസ്തിക്കുശേഷം 1-ാംഞായർ**

**Page : 98** യോഹ 6:25 – 33

- ഡോ. ജോയ് ഫിലിപ്പ് കാക്കനാട്ട
- ഫാ. ഷോജി വെച്ചൂർകരോട്ട്

# മെയ് 02
# ഉയിർപ്പിനുശേഷം 4–ാം ഞായർ

## ഭാഷ്യം

### ലൂക്കാ 24:36–49

## സന്ദർഭം

ലൂക്കാ അവതരിപ്പിക്കുന്ന യേശുവിന്റെ ഈലോകജീവിതത്തിന്റെ അവസാന വിവരണമാണ് ഈ വചനഭാഗത്തുള്ളത്. യേശു മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്തു എന്ന കാര്യം പടിപടിയായാണ് വെളിപ്പെടുന്നത്. ആദ്യം മദ്ഗലേനമറിയത്തിന് (24:1–12). പിന്നീടാണ് യാത്രയിൽ രണ്ടുശിഷ്യന്മാർക്ക് (24:13–35) തുടർന്നാണ് അപ്പസ്തോലസമൂഹത്തിന് പ്രത്യക്ഷപ്പെട്ട് അവരുടെ വിശ്വാസത്തെ ആഴപ്പെടുത്തി ക്രിസ്തുസംഭവത്തിന് അവരെ ഔദ്യോഗിക സാക്ഷികളാക്കി മാറ്റുന്ന ഇന്നത്തെ വചനഭാഗം (24: 36–49).

## സാരം

യേശുവിന്റെ മനുഷ്യാവതാരത്തിന്റെയും പീഡാസഹനമരണ ഉത്ഥാനത്തിന്റെയും പൊരുൾ അപ്പസ്തോലസംഘത്തിന് വിശ്വസനീയമാംവിധം വിവരിച്ചുകൊടുക്കുന്നു. ദൈവത്തിന്റെ പദ്ധതിയനുസരിച്ചാണ് ഇതുവരെ സംഭവിച്ചതെന്നും ഇത് മനുഷ്യർക്ക് പാപമോചനം ഉറപ്പുനൽകുന്നതിനുമാണെന്നുമാണ് പ്രധാന പ്രമേയങ്ങൾ.

## സന്ദേശം

1. ഉത്ഥിതനായ യേശുവിന്റെ പ്രഥമസന്ദേശം ശ്രദ്ധിക്കാം. 'ഷാലോം' എന്ന "നിങ്ങൾക്ക് സമാധാനം." ഹെബ്രായഭാഷയിലുള്ള ആശംസ സാമൂഹ്യജീവിതത്തിൽ പരസ്പരം കാണുമ്പോൾ.... നൽകുന്നതാണ്. പഴയനിയമത്തിൽ ഇത്തരം ആശംസ സുലഭമാണ്.

ന്യായാധിപനായ ഗിദയോനോട് കർത്താവ് പറഞ്ഞു: "സമാധാന മായിരിക്കുക, ഭയപ്പെടേണ്ട" (ന്യായാ 6:23; 18:6, 19:20, 1സാമു 16:5; 29:7).

യോഹന്നാന്റെ ഉത്ഥാനവിവരണങ്ങളിലും ഈ ആശംസയുണ്ട് (യോഹ 20:19-26). ലൂക്കാ യേശുവിനെ അവതരിപ്പിക്കുന്നതുതന്നെ സമാധാനദാതാവെന്നാണ് (1:79). സമാധാനത്തിന്റെ മാർഗങ്ങളിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കുന്നവൻ.

2:14 ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം.
2:29 സമാധാനത്തിൽ വിട്ടയക്കണമേ.
7:50 സമാധാനത്തോടെ പോവുക- പാപിനിയോട്.
8:48 സമാധാനത്തോടെ പോവുക- രക്തസ്രാവക്കാരിയോട്.

യേശു ശിഷ്യരെ അയക്കുമ്പോൾ പറയുന്നതും ഇതുതന്നെയാണ്. "ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം" (10:5).

യഹൂദരെ ഭയന്ന്, തങ്ങളുടെ അസ്തിത്വം ഭീഷണി നേരിടുന്ന ഘട്ടത്തിൽ യേശു നൽകുന്ന ഈ ആശംസ; അവിടുത്തെ ശിഷ്യർക്ക് ഏറെ ആശ്വാസം നൽകുന്നതാണ്. ഏതുസംഘർഷത്തിലും യേശു നൽകുന്ന സമാധാനം, നമുക്കും ഒരു ക്ഷണം വച്ചുനീട്ടുന്നുണ്ട്. ക്രിസ്തുശിഷ്യർ എന്നും സമാധാനദൂതരാകണം.

2. മൂന്നു പീഡാനുഭവപ്രവചനങ്ങളിലും യേശു ഉത്ഥാനം ചെയ്യും എന്ന് അസന്നിഗ്ധമായി പറഞ്ഞിരുന്നു. എന്നാൽ അപ്പസ്തോലഗണം അതു മുഖവിലക്കെടുത്തില്ല. ഉത്ഥിതനായ യേശുവിനെ കണ്ട സ്ത്രീകളുടെ സാക്ഷ്യങ്ങളും പൂർണമായും അവരെ തൃപ്തിപ്പെടുത്തിയില്ല. എമ്മാവൂസ് ശിഷ്യരും പറഞ്ഞത് അവർ ഉൾക്കൊണ്ടില്ല. അതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് അപ്പസ്തോലസമൂഹത്തിന് ഒന്നാകെ പ്രത്യക്ഷപ്പെട്ട് താൻ മരിച്ച് ഉത്ഥാനം ചെയ്തുവെന്ന് അവരെ ബോധ്യപ്പെടുത്തുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ ആണിപ്പഴുതുകൾ കാണിച്ച് ബോധ്യപ്പെടുത്തുന്നത് തോമാശ്ലീഹായെ മാത്രമാണ്. ധനവാന്റെയും ലാസറിന്റെയും ഉപമയുടെ അവസാനത്തിൽ മനുഷ്യന്റെ വിശ്വസിക്കാനുള്ള വിമുഖതയെപ്പറ്റി പറയുന്നുണ്ട്. 'മരിച്ചവരിൽനിന്ന് ഒരാൾ ഉയർത്താലും

അവർക്ക് ബോധ്യമാവുകയില്ല (16:31). ഇന്നും യേശുവിന്റെ ഉത്ഥാന ശേഷവും നമ്മുടെ വ്യക്തിജീവിതത്തിലും ചുറ്റുവട്ടത്തും ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ പ്രത്യക്ഷമായും പരോക്ഷമായും സംഭവിക്കുന്നുണ്ട്. എന്നാൽ സത്യത്തിനെതിരെ പുറംതിരിഞ്ഞുനിൽക്കുന്നവർ ഏറെയാണ്.

3. യേശുക്രിസ്തുവിന്റെ മനുഷ്യാവതാര പീഡാനുഭവ മരണ ഉത്ഥാന സത്യങ്ങളുടെ പരമമമായ ലക്ഷ്യം എന്താണെന്ന് വെളിപ്പെടുത്തുന്നതാണ് അവസാന തിരുവചനങ്ങൾ. തിരുലിഖിതങ്ങൾ ഗ്രഹിക്കാൻതക്കവണ്ണം അവരുടെ മനസ്സുതുറന്ന യേശുവിന്റെ ഉത്ഥാനം വിശ്വസിക്കുന്നതിലൂടെ മാത്രമേ തിരുലിഖിതങ്ങളുടെ അർത്ഥം പൂർണമാകുകയുള്ളൂ. യേശുവിനോട് ചേർന്നുവേണം വിശുദ്ധഗ്രന്ഥത്തെ മുഴുവൻ മനസ്സിലാക്കാൻ. ക്രിസ്തുവിന്റെ ഈ പെസഹാരഹസ്യങ്ങൾ മനുഷ്യകുലത്തെ മുഴുവൻ പശ്ചാത്താപത്തിലേക്കും പാപമോചനത്തിലേക്കും നയിക്കണം. ആ സത്യമാണ് നാം എല്ലാവരോടും പങ്കുവയ്ക്കേണ്ടതായ ഉത്ഥാനസന്ദേശം. ഉത്ഥാനംചെയ്ത യേശുവിലൂടെ എല്ലാ മനുഷ്യമക്കൾക്കും പാപമോചനം സംലഭ്യമായി. മനുഷ്യർക്ക് ഒരു പുതുജീവിതം പ്രത്യാശയോടെ വീണ്ടും തുടങ്ങാം. ജയിലിലിടക്കപ്പെട്ട ഒരാൾക്ക് മോചനം ലഭിക്കുമ്പോഴുള്ള ആനന്ദത്തിന്റെ ധ്വനിയാണ്, മനുഷ്യനെ ബന്ധിപ്പിച്ചിരുന്ന പാപച്ചങ്ങല നമുക്കുവേണ്ടി യേശു പൊട്ടിച്ചെറിഞ്ഞെന്നറിയുമ്പോൾ അനുഭവപ്പെടുന്നത്.

**ഡോ. ജേക്കബ് മുല്ലൂർ**

# പ്രസംഗം

## നിങ്ങൾക്കു സമാധാനം

ക്രിസ്തുവിന്റെ ജീവിതം മുഴുവനും സമാധാനത്തിന്റെ പനിമഞ്ഞുപകരുന്നതായിരുന്നു. അതുകൊണ്ടാവണം ഉയിർപ്പിനുശേഷം ഭയന്നുവിറച്ചിരുന്നവരോടായി അവൻ പറഞ്ഞത് 'നിങ്ങൾക്ക് സമാധാന'മെന്ന്. തന്റെ ജനനത്തിനുമുമ്പ് അസ്വസ്ഥയായിനിന്ന മാതാവിനോടു പറയുന്നു: 'കൃപ നിറഞ്ഞ മറിയമേ, നിനക്ക് സമാധാനം' എന്ന്. ജീവിച്ചിരുന്നപ്പോൾ ക്രിസ്തു പഠിപ്പിച്ചതും സമാധാനം ഉള്ളവർ ഭാഗ്യവാന്മാർ എന്നാണ്. അതായത്, ജനിക്കുന്നതിനുമുമ്പും ജനിച്ചതിനുശേഷവും മരണത്തിനപ്പുറവും ഒരാൾ സമാധാനത്തിന്റെ സന്ദേശവാഹകനാകുന്നു. അതിനർത്ഥം ക്രിസ്തുവിന്റെ സ്ഥായിയായ ഭാവം സമാധാനമാണ്.

സമാധാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ രണ്ട് വഴികൾ നമ്മുടെ മുമ്പിൽ ബൈബിൾ വരച്ചിട്ടിരിക്കുന്നത് കാണാം: 1. ദൈവവുമായുള്ള സമാധാനം 2. ദൈവത്തിന്റെ സമാധാനം. ദൈവത്തിന്റെ സമാധാനം സ്ഥായിയായി ജീവിതത്തിൽ ഉണ്ടാകണമെങ്കിൽ അടിസ്ഥാനപരമായി ഞാൻ ദൈവവുമായി സമാധാനത്തിലായിരിക്കണം. റോമാക്കാർക്ക് എഴുതുമ്പോൾ പൗലോസ്ശ്ലീഹാ അത് വ്യക്തമാക്കുന്നുണ്ട്: "വിശ്വാസത്താൽ നീതീകരിക്കപ്പെട്ട നമുക്ക് നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി ദൈവവുമായി സമാധാനത്തിൽ ആയിരിക്കാം" (റോമാ 5:1).

ക്രിസ്തുവിന്റെ ജനനത്തിനുമുമ്പും അവൻ ഭൂമിയിൽ ജീവിച്ചിരുന്നപ്പോഴും അവന്റെ മരണത്തിനുശേഷവും സമാധാനം ജീവിതത്തിൽ നിലനിർത്താനും മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും സാധിച്ചിരുന്നു. ഇതിനുകാരണം ക്രിസ്തു പിതാവുമായി നിരന്തരം സമാധാനത്തിൽ ആയിരുന്നുവെന്നതാണ്.

എല്ലാ അത്ഭുതങ്ങൾക്കുമുമ്പും ശേഷവും പിതാവിനോടുചേർന്ന് മലയിലോ വിജനപ്രദേശത്തോ ആണ് ക്രിസ്തുവിനെ നാം കാണുന്നത്. സമാധാനമില്ലാത്ത ജീവിതത്തിൽ അത്ഭുതങ്ങൾ അസാധ്യമാണ്. പ്രശ്നങ്ങളും പ്രതികൂലങ്ങളും ജീവിതത്തിലുണ്ടാകില്ല എന്നല്ല ഇതിന് അർത്ഥം. ക്രിസ്തുവിന്റെ ജീവിതംമുഴുവനും ജനനം

മുതൽ പ്രതികൂലങ്ങളുടേതായിരുന്നു. അവസാനം നിന്ദ്യമായ കുരിശുമരണവും. ഇതിന്റെ നടുവിലും സമാധാനം ജീവിതത്തിൽ നിലനിർത്തിയെങ്കിൽ അതിന് ഒരൊറ്റ കാരണമേയുള്ളൂ; "എന്തെന്നാൽ, ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്"(1 കോറി 14:33). സമാധാനത്തിന്റെ ദൈവവുമായുള്ള എന്റെ ബന്ധം സമാധാനത്തെ എന്റെ ഉള്ളിലേക്ക് ആവാഹിക്കാൻ സഹായിക്കും. ഞാൻ സമാധാനമായി മാറും. ഈ സമാധാനത്തെ എന്റെ ഉള്ളിലേക്ക് ആവാഹിച്ച് എടുക്കാൻ ഞാൻ എന്തുചെയ്യണം എന്ന് ചിന്തിക്കുന്നത് ഉചിതമാണ്.

1. ദൈവത്തിന്റെ നിയമം അനുസരിക്കുക:

സങ്കീർത്തകൻ 'അനുസരിക്കുക' എന്ന വാക്കല്ല ഉപയോഗിക്കുന്നത് 'സ്നേഹിക്കുക' എന്ന വാക്കാണ്. "അങ്ങയുടെ നിയമത്തെ സ്നേഹിക്കുന്നവർക്ക് ശാന്തിലഭിക്കും" (സങ്കീ 119:165). ദൈവത്തെ ഉള്ളിൽ സ്വീകരിച്ചവർക്ക് ദൈവത്തിന്റെ വഴികൾ വെറും നിയമത്തിന്റെ പിൻബലമല്ല; ദൈവത്തോടൊപ്പമുള്ള യാത്രയാണ്. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്." സമാധാനത്തിന്റെ സഹയാത്രികന് സമാധാനം ആയിത്തീരാതെ തരമില്ല.

2. ദൈവത്തിൽ ഹൃദയമുറപ്പിക്കുക

ദൈവത്തിന്റെ സാന്നിധ്യബോധത്തിൽ ഉറപ്പുള്ളവനുമാത്രമേ സമാധാനത്തിന്റെ വഴി തെളിഞ്ഞുകിട്ടുകയുള്ളൂ. "അങ്ങയിൽ ഹൃദയമുറപ്പിച്ചിരിക്കുന്നവനെ അങ്ങ് സമാധാനത്തിന്റെ തികവിൽ സംരക്ഷിക്കുന്നു. എന്തെന്നാൽ അവൻ അങ്ങയിൽ ആശ്രയിക്കുന്നു" (ഏശ 26:3). ദൈവത്തെ സ്നേഹിക്കുന്നവൻ അവന്റെ നെഞ്ചോടുചാരി യാത്ര ചെയ്യും.

3. ദൈവത്തിന്റെ പദ്ധതികളിൽ വിശ്വാസം അർപ്പിക്കുക

പല അനർത്ഥങ്ങളും പ്രതികൂല സാഹചര്യങ്ങളും നമ്മുടെ ജീവിതത്തിലേക്ക് വരുമ്പോൾ എന്തേ ഇത് ഇങ്ങനെയെന്ന ചോദ്യം ഉയരാം. സുഭാഷിതങ്ങളുടെ പുസ്തകം അതിന്റെ ഉത്തരം നമുക്ക് തരുന്നത് ഇപ്രകാരമാണ്: "കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക; സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്. നിന്റെ

എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴിതെളിച്ചുതരും"(സുഭാ 3:5-6). ഏതു സാഹചര്യത്തിലും ദൈവവിചാരത്തോടെ ചരിക്കുന്നവൻ നന്മയുടെ മാർഗത്തിലായിരിക്കും നടക്കുക.

4. സമാധാനം ദൈവത്തോട് ചോദിച്ചുവാങ്ങണം

എനിക്ക് അതിയായ ആഗ്രഹം ഉള്ളതുമാത്രമേ എന്റെ ജീവിതത്തിൽ സ്ഥിരമായി നിലനിൽക്കൂ. സമാധാനം ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ പൗലോസ് ശ്ലീഹായുടെ ഭാഷയിൽ, "ഒന്നിനെക്കുറിച്ചും ആകുലരാകേണ്ട. പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്ത്രോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ, നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും" (ഫിലി 4:6-7).

ദൈവത്തോടു സമാധാനത്തിൽ ആയിരിക്കുന്നവർ ദൈവത്തെ സ്നേഹിക്കും, ദൈവസാന്നിധ്യബോധമുള്ളവനാകും, ദൈവത്തിൽ അടിയുറച്ച വിശ്വാസമുള്ളവനാകും. ക്രിസ്തു ആശംസിച്ച സമാധാനം സ്വന്തമാക്കി, മറ്റുള്ളവർക്കും ക്രിസ്തുവിന്റെ സമാധാനം പകരുന്നവരാകാം.

**ഫാ. നിർമലാനന്ദ് OIC**

# മെയ് 09
# ഉയിർപ്പിനുശേഷം 5–ാം ഞായർ

## ഭാഷ്യം

### യോഹ 16:16-24

## സന്ദർഭം

അന്ത്യത്താഴവേളയോടനുബന്ധിച്ചുള്ള നീണ്ടപ്രഭാഷണമാണ് 15-ാം അധ്യായത്തിലെങ്കിൽ, ശിഷ്യന്മാരുടെ ചോദ്യങ്ങളിലൂടെ ഇട വിട്ട പ്രഭാഷണഭാഗങ്ങളായാണ് 16-ാം അധ്യായം ക്രമപ്പെടുത്തിയിരിക്കുന്നത്. പ്രത്യേകിച്ച്, യേശുവിന്റെ വിടവാങ്ങലും അതുമൂലം ശിഷ്യർക്കനുഭവപ്പെടുന്ന ദുഃഖവും പ്രയാസങ്ങളും അതിന് മറുമരുന്നെന്നോണം സഹായകനായ പരിശുദ്ധാത്മാവിന്റെ, സഹായംകൊണ്ടുള്ള സന്തോഷവും യേശുവിനെ 'അല്പസമയം' കഴിഞ്ഞാൽ വീണ്ടും കാണാമെന്നുള്ള സന്തോഷവുമാണ് ഈ വചനഭാഗത്തിന്റെ സന്ദർഭം.

## സാരം

ഒരു കുഞ്ഞിന് ജന്മം നൽകുന്ന സ്ത്രീയുടെ മനോഭാവം വ്യക്തമാക്കികൊണ്ട് യേശുവിന്റെ വിടവാങ്ങൽ ദുഃഖത്തിന് കാരണമാകുമെങ്കിലും, യഥാർത്ഥസന്തോഷത്തിലേക്ക് പരിശുദ്ധാത്മാവ് നയിക്കുമെന്നും ശിഷ്യർ യേശുവിനെ വീണ്ടും കാണുമെന്നുള്ളതുമാണ് ഈ വചനഭാഗത്തിന്റെ അകക്കാമ്പ്.

## സന്ദേശം

ക്രിസ്തീയദുഃഖവും സഹനവും സന്തോഷം നേടാൻ സഹായകമാകുമോ? സന്തോഷം നേടാനാകുമെന്നുതന്നെയാണ് ഈശോ

പഠിപ്പിക്കുന്നത്. ഈലോകത്തിലെ നൈമിഷികമായ ദുഃഖവും സഹനവും യേശുവിന്റെ ഭാഷയിൽ അല്പകാലത്തേക്ക് മാത്രമാണുള്ളത്. യഥാർത്ഥ സന്തോഷസമയത്ത് ദുഃഖവും ആകുലതയും ഓർക്കുന്നതേയില്ല. ഈ വചനഭാഗത്ത് മറ്റൊരു സന്ദേശവുംകൂടെ ഉൾക്കൊള്ളുന്നുണ്ട്: യേശുവിന്റെ രണ്ടാമത്തെ ആഗമനം. യേശുവിന്റെ രണ്ടാം വരവിലുള്ള സന്തോഷം ശിഷ്യൻമാരിൽനിന്ന് ആർക്കും എടുത്തുമാറ്റാൻ സാധിക്കുകയില്ല. യഥാർത്ഥസന്തോഷം പൂർണ്ണമാകുന്നത് യേശുവിന്റെ രണ്ടാം വരവിലാണ്.

**ഡോ. ഡേവിസ് പനക്കൽ CMI**

# പ്രസംഗം

## അല്പകാല കാത്തിരുപ്പ്

“നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകരുത്... ഓരോ ദിവസത്തിനും അതതിന്റെ ക്ലേശംമതി” (മത്താ 6:34) എന്നമൊഴിയിലൂടെ ഭാവിയെ പാടേ അവഗണിക്കണമെന്നു യേശു പഠിപ്പിക്കുന്നതായി കരുതുന്നത് മൗഢ്യമാണ്. ഭാവിക്കുവേണ്ടി കാത്തിരിക്കണമെന്നും വിനാവിളംബം ശോഭനമായ ഭാവി സമാഗതമാകുമെന്നുമുള്ള സന്ദേശമാണ് ഇന്നത്തെ സുവിശേഷം അനുവാചകന് നൽകുന്നത്.

നെല്ലും പയറും കൃഷിചെയ്യുന്ന കർഷകൻ സമീപകാലവിളവെടുപ്പ് ലക്ഷ്യമിടുന്നു; തെങ്ങുനടുന്നവൻ അനതിവിദൂരഭാവിയിലെ വിളവെടുപ്പും. വിദ്യനേടുന്നവനാകട്ടെ ആജീവനാന്ത യശ്ശസ് സ്വപ്നം കാണുന്നു. ഭാവിയെ മുൻനിർത്തിയാണ് ഇവരെല്ലാം പ്രവർത്തിക്കുന്നത്. ഭാവിയെ അവഗണിക്കുന്നവർക്ക് ഇന്നുകളിൽപോലും പ്രതീക്ഷവേണ്ട. ധാർമികജീവിതകമാകട്ടെ, ആത്മീയജീവിതമാകട്ടെ എന്തിനേറെ ഭൗതികജീവിതംപോലും അവർക്ക് മരീചികയായിരിക്കും.

സമീപഭാവി, വിദൂരഭാവി, നിത്യകാലം എന്നിങ്ങനെയുള്ള തരംതിരിവുകൾ നാം നടത്താറുണ്ട്. സഭയുടെയും ശിഷ്യരുടെയും തത്ക്കാലാവസ്ഥയെ ഗർഭിണിയുടെ വേദനാനിർഭരമായ അവസ്ഥയോട് യേശു ഉപമിക്കുന്നു. ഗർഭാരിഷ്ടതകളും ഈറ്റുനോവും പ്രസവക്ലേശങ്ങളുമാണ് സമീപഭാവിയെ ഉറ്റുനോക്കുന്ന കയ്പാർന്ന യാഥാർത്ഥ്യം. ആലങ്കാരികപ്രയോഗമെന്നതിലുപരി ഒരവസ്ഥയെ അടയാളപ്പെടുത്തുകയാണ് യേശു. ഗർഭിണിയായ ഏതൊരു സ്ത്രീയെയുംപോലെ സഭാമാതാവ് തന്റെ നിറഗർഭത്തിൽ പേറുന്നത് സമ്മോഹന സ്വപ്നങ്ങളാണ്– സ്വർഗരാജ്യമെന്നും നിത്യസൗഭാഗ്യമെന്നുമുള്ള സ്വപ്നങ്ങൾ. അനായാസം സംലഭ്യമാകുന്ന യഥാർത്ഥ്യങ്ങളല്ല മറിച്ച് വലിയ ത്യാഗവും കൊടിയസഹനവും നീണ്ട തപസ്യയും കാത്തിരിപ്പും വേണ്ടിവരുന്ന കാര്യംതന്നെ. അങ്ങയുടെ രാജ്യം വരണമേ എന്ന പ്രാർത്ഥന സാർത്ഥകമാകാൻ ത്യാഗ–സഹനങ്ങളും ക്ലേശ–പീഡാദികളും അനിവാര്യമാണ്.

രാജ്യങ്ങൾ സ്ഥാപിക്കാനും ഭരണം കൈയാളാനും നശ്വരമായ സ്ഥാനമാനങ്ങൾ കൈവരിക്കാനും ഊണുഉറക്കവുപേക്ഷിച്ച് രാപകൽഭേദമെന്യേ കഠിനാധ്വാനം ചെയ്യാനും മനുഷ്യർ തയ്യാറാണ്. നശ്വരമായ പേരിനും പ്രശസ്തിക്കും ഉയർച്ചയ്ക്കും പുകഴ്ചയ്ക്കും മണ്ണിനും പെണ്ണിനുംവേണ്ടി ചരിത്രത്തിലുടനീളം ജീവന്മരണപോരാട്ടങ്ങൾ നടന്നിട്ടുണ്ട്; നടക്കുന്നുമുണ്ട്. സർക്കാർജോലി തരപ്പെടാൻ, മിലിട്ടറി സെലക്ഷൻ ലഭിക്കാൻ, പ്രൊമോഷൻ കരസ്ഥമാക്കാൻ, തെരഞ്ഞെടുപ്പിൽ വിജയിക്കാൻ, ഭരണം സ്വന്തമാക്കാൻ, അധികാരമുറപ്പിക്കാൻ, പദ്ധതികൾ നടപ്പാക്കാൻ, വികസനതേരോട്ടം സാധ്യമാക്കാൻ, സമ്പാദ്യങ്ങൾ വർധിപ്പിക്കാൻ...എത്ര അധ്വാനിക്കാനും എന്ത് അപകടസാധ്യതകളെ അഭിമുഖീകരിക്കാനും പോരാടാനും ആർക്കാണ് മടി? ഒളിമ്പിക്സ് ജേതാവാകാൻ, ഗിന്നസ് ബുക്കിൽ ഇടംപിടിക്കാൻ, ഫോബ്സ് പട്ടികയിൽ റാങ്കിംഗ് മെച്ചമാക്കാൻ... അതേ, പേരിനും പെരുമയ്ക്കുംവേണ്ടി അന്തമില്ലാതെ അധ്വാനിക്കാൻ തയ്യാറുള്ളവർ ഏറെയാണ്, താൽക്കാലികമായ നേട്ടങ്ങൾ മാത്രമാണ് അവർക്കൊപ്പമുണ്ടാവുക എന്നിരിക്കിലും "തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല" (ഏശ 64:4; 1 കോറി 2:9). എങ്കിൽ മനുഷ്യഭാവനകൾക്കതീതമായ ദൈവരാജ്യത്തിനുവേണ്ടി എന്തുക്ലേശമാണ് അധികമാവുക? ഈ സത്യം ഗ്രഹിക്കുന്നവർ ഇങ്ങനെ പാടും:

"അല്പകാലംമാത്രം ഈ ഭൂവിലെവാസം

സ്വർപ്പുരമാണെന്റെ നിത്യമാംവീട്."

ഈ അടിസ്ഥാനബോധ്യമുള്ളവരുടെ താരാട്ടുപാട്ടാണ്,

കഷ്ടങ്ങൾ സാരമില്ല, നഷ്ടങ്ങൾ സാരമില്ല...

ഏതാനും വർഷങ്ങളോ ഏറിയാൽ ദശകങ്ങളോ മാത്രം ദൈർഘ്യമുള്ള സമീപഭാവിക്കുവേണ്ടി വാളെടുക്കാനും ജീവനൊടുക്കാനും തയ്യാറുള്ളവർ പക്ഷേ, യുഗായുഗങ്ങൾ നീളുന്ന വിദൂരഭാവിക്കുവേണ്ടി സ്വയം വിട്ടുകൊടുക്കാൻ എന്തേ തയ്യാറാകുന്നില്ല? വലിയ നോമ്പിലൂടെ സഭ കടന്നുപോയി. നോമ്പ് എന്നാൽ നോവുന്ന അൻപാ

ണ്– വേദനാനിർഭരമായ പക്ഷംചേരൽ. രക്ഷകന്റെ പീഡാസഹന ങ്ങളിലും മരണോത്ഥാനങ്ങളിലുമുള്ള പങ്കുചേരൽ. അതിൽ സ്വയം വിട്ടുകൊടുക്കലുണ്ട്. പൂർവപിതാവായ അബ്രഹാം സഹോദരപുത്രൻ ലോത്തിനോടു പറഞ്ഞു: "നമ്മൾതമ്മിലും നമ്മുടെ ഇടയന്മാർത മ്മിലും കലഹമുണ്ടാകരുത്. കാരണം നമ്മൾ സഹോദരന്മാരാണ്" (മത്താ 23:8 *ഫ്രത്തേല്ലി തുത്തി*). "ഇടതുഭാഗമാണ് നിനക്കുവേണ്ട തെങ്കിൽ ഞാൻ വലത്തേക്ക് പൊയ്ക്കൊള്ളാം. വലതുഭാഗമാണ് നിനക്ക് ഇഷ്ടമെങ്കിൽ ഞാൻ ഇടത്തേക്ക് പൊയ്ക്കൊള്ളാം" (ഉത്പ 13:9). ഇതൊരുതരം സംഗരഹിത സ്നേഹമാണ്– നിസ്സംഗസ്നേഹം. ഈ സ്നേഹം നിലനിർത്താനായെങ്കിൽമാത്രമേ നിത്യത സ്വന്തമാ ക്കാനാവൂ. നിത്യതയുടെ ഉരകല്ലിൽ മാറ്റുരയ്ക്കുമ്പോൾ വർത്തമാ നകാലദുരിതങ്ങളുടെ ശോഭ വർധിക്കും. അവ കേവലം ക്ഷണിക മെന്നറിയും.

### അല്പകാലം എന്ന ഇരുമുനവാൾ

നശ്വരനായ മനുഷ്യന്റെ ഗണനാസമ്പ്രദായം മാത്രമാണ് കാല വിഭജനം. ഭൂത–വർത്തമാന–ഭാവി എന്ന ത്രികാല വേർതിരിവുകൾ കേവലം സാങ്കൽപ്പികമാണ്. ഭൂമധ്യരേഖപോലെ, ഭൂമിയുടെ അച്ചു തണ്ടുപോലെ, മക്മഹോൻ രേഖപോലെ! ദൈവത്തിന് എപ്പോഴും 'ഇപ്പോഴാണ്'–The Eternal Now (Present). ഭൂത–വർത്തമാന–ഭാ വികൾ ഒറ്റപ്പെട്ടല്ല, ബന്ധപ്പെട്ടുതന്നെയാണിരിക്കുന്നത്. അല്പകാ ലം, ദീർഘകാലം, നിത്യകാലം എന്നത് ഒരു സാമ്പ്രദായിക സാങ്കല് പിക വേർതിരിവ് മാത്രം. എന്നാൽ, ക്രിസ്തീയദർശനത്തിൽ കല്ലറ യ്ക്കപ്പുറമെന്നും ഇപ്പുറമെന്നും യഥാർത്ഥമായ ഒരു വേർതിരിവുണ്ട്.

ഉദ്ധൃതവേദഭാഗത്ത് അല്പകാലം എന്ന പ്രയോഗം ഏഴുപ്രാവശ്യം ആവർത്തിക്കുന്നു. ഈ അല്പകാലം കല്ലറയ്ക്ക് ഇപ്പുറമുള്ള ഭൗമിക ജീവിതംതന്നെയാണ്. അപ്പുറമുള്ളതാകട്ടെ നിത്യതയെന്നോ കല്പാ ന്തകാലമെന്നോ (ഭാരതീയ രീത്യാ) വ്യാവഹാരികഭാഷയിൽ പറ യുന്ന അവസാനിക്കാത്ത അനന്തതതന്നെയാണ് (The Eternity).

ഈശോയുടെ ഉത്ഥാനത്തോടുകൂടി നിത്യതയുടെ പുതുയുഗം ആരംഭിച്ചുകഴിഞ്ഞു. ഉത്ഥിതനോടൊട്ടിനിൽക്കുന്നവർ നിത്യതയുടെ ദൈവികമേഖലയിൽ വ്യാപരിക്കുന്നവരാണ്, ഇപ്പോൾതന്നെ. വർത്ത

മാനകാലം അപ്രസക്തമെന്നോ മായയെന്നോ വിവക്ഷിക്കുന്നില്ല. നിത്യനായ ദൈവം മൂല്യം കൽപ്പിക്കുന്നതും, നിത്യജീവിതസന്തോഷത്തിന് തുടക്കം കുറിച്ചുകഴിഞ്ഞതും അതിന്റെ മുന്നാസ്വാദനവും (fore taste) നമ്മുടെ മരണശേഷം സമ്പൂർണമായ വിലയം പ്രാപിക്കുന്നതുമായ സ്വർഗീയനിക്ഷേപം-അനന്തനിക്ഷേപം (The Eternal Treasure) സ്വായത്തമാക്കുന്നതിനുള്ള അനുകൂലസാഹചര്യമായി വേണം അതിനെ കരുതാൻ. ക്രൈസ്തവ ദൈവശാസ്ത്രം വർത്തമാനകാലത്തെ വ്യാഖ്യാനിക്കുന്നതും അടയാളപ്പെടുത്തുന്നതും ഇ പ്രകാരമാണ്. രസനീയവും പോഷകസമൃദ്ധവും സ്വാദിഷ്ഠവുമായ ഭോജ്യം കാഠിന്യമേറിയ പുറന്തോടിനുള്ളിൽ ഒളിഞ്ഞിരിപ്പുണ്ടെന്നും അത് ഉള്ളിൽനിറഞ്ഞു കിനിഞ്ഞു നിൽക്കുന്നുണ്ടെന്നും ബോധ്യമുള്ളവർക്ക്, അതിലേക്ക് എത്തിച്ചേരാൻ കടന്നുപോകേണ്ട ക്ലേശവഴികൾ കൂടി ആനന്ദകരമായ അനുഭവമായിരിക്കുമെന്നാണ് മല്പാന്മാരും മിസ്റ്റിക്കുകളുമായ കുരിശിന്റെ വിശുദ്ധ യോഹന്നാനും വിശുദ്ധ അമ്മ ത്രേസ്യായും നമ്മെ പഠിപ്പിക്കുന്നത്.

ഇരുളിന്റെ ശക്തികൾ ഈശോയെ കീഴടക്കിയെന്നു കരുതിയപ്പോൾ, ജയഭേരിമുഴക്കി; ശിഷ്യന്മാർ ഭയന്നുനടുങ്ങി! അമിതസന്തോഷവും ജയഭേരിയും ആർത്തനാദത്തിലൊടുങ്ങിയതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. ടൈറ്റാനിക്ക് എന്ന ഉല്ലാസനൗകയുടെ ദുരന്തം (1912) തന്നെ മകുടോദാഹരണം. ഇരുളിന്റെ ശക്തികളും മരണത്തിന്റെ പ്രവാചകന്മാരും 'അല്പമസമയം' ആർത്തുല്ലസിച്ചു. നടുക്കം വിട്ടുമാറാതിരുന്ന ശിഷ്യർ 'അല്പസമയം' കീഴടങ്ങിയതായി കാണപ്പെട്ടു-വെറും അമ്പത് ദിവസങ്ങൾ. പെന്തക്കുസ്തായിൽ അവർ ആത്മശക്തിയാൽ നിറഞ്ഞുതുളുമ്പി. ലോകത്തെ മുഴുവൻ വെല്ലുവിളിക്കാൻമാത്രം ധീരതയാർജിച്ചു. അല്പകാലം എന്ന കുറിയവാക്ക് ഇരുകൂട്ടർക്കുമുള്ള മുന്നറിയിപ്പായിരുന്നു. വാക്ക് പലകുറി ആവർത്തിച്ച് ഈ സത്യത്തിനു ചിരപ്രതിഷ്ഠനൽകാൻ ഈശോ പ്രത്യേകം ശ്രദ്ധിച്ചു. എന്നാൽ കാര്യങ്ങൾ എത്ര പെട്ടെന്നാണ് മാറിമറിഞ്ഞതെന്ന് നോക്കുക. മരിച്ചവൻ അല്പമസമയംകഴിഞ്ഞ് ജീവൻ പ്രാപിച്ചു- ഒരു നീണ്ട ഉറക്കത്തിനുശേഷമെന്നോണം! മൂന്നാംനാൾ ഉത്ഥിതനായി എന്നുപറയുമ്പോൾപോലും ഒരു പകലിന്റെ അപ്പുറവും ഇപ്പുറവുമാണ് മരണവും ജീവനും!

ജീവിതത്തിന്റെ കയ്പ്കുടിക്കുന്നവർക്കും ദുഃഖദുരിതങ്ങൾ പേറുന്നവർക്കും സാന്ത്വനമേകുന്ന ആശ്വാസവാക്കാണ് അല്പകാലം. സഹനത്തിന്റെ തീച്ചൂളനീണ്ടുപോകുന്നത് ദുസ്സഹമാണ്. അധ്വാനഭാരത്തിലമരുന്നവർക്ക്, അടിമപ്പണിയിൽ കാലിടറുന്നവർക്ക്, കൊടിയദുഃഖദുരിതങ്ങളിലൂടെ ഇഴയുന്നവർക്ക്, തീരാരോഗങ്ങളാൽ വലയുന്നവർക്ക്, കാത്തിരുപ്പ് അനന്തമായി നീളുന്നവർക്ക്, ജീവിതച്ചുഴിയിലകപ്പെട്ടവർക്ക്, തീരാത്ത കടക്കെണിയിലമരുന്നവർക്ക്... 'അല്പകാലം' എന്നത് വലിയ ആശ്വാസം പകരും. ശിഷ്യർക്ക് ഈ വാക്ക് വേനൽമഴപോലെ കുളിർമ നൽകി. എതിരാളികളാകട്ടെ നെരിപ്പോടിലും തീച്ചൂളയിലുമെന്നോണം വെന്തുരുകി. അല്പകാലമെന്ന പ്രയോഗം ഇരുമുനവാളുതന്നെ, സംശയമില്ല. നമ്മുടെ പ്രത്യാശയെ ഉജ്ജീവിപ്പിക്കാൻ ഈ വേദഭാഗം സഹായകമാകട്ടെ.

**ഫാ. അബ്രഹാം നടുവിലേടം**

# മെയ് 16
# ഉയിർപ്പിനുശേഷം 6-ാം ഞായർ

## ഭാഷ്യം

### യോഹ 16: 5-11

## സന്ദർഭം

യോഹന്നാന്റെ സുവിശേഷത്തിൽ 15-ാം അധ്യായം പൂർണമായി യേശുവിന്റെ പ്രഭാഷണമാണ് തുടർച്ചയായി കാണാൻ സാധിക്കുന്നത്. എന്നാൽ 16-ാം അധ്യായത്തിൽ യേശുവിന്റെ പ്രഭാഷണത്തിനിടയ്ക്ക് ശിഷ്യരുടെ ചോദ്യങ്ങളും സംശയങ്ങളും കാണാൻ സാധിക്കും. യേശുവിന്റെ വിടവാങ്ങൽ പ്രഭാഷണത്തിനിടയ്ക്ക്, സഹായകനായ പരിശുദ്ധാത്മാവിനെക്കുറിച്ച് യേശു വ്യക്തമായ സൂചന നൽകുന്നു. യേശു വിടവാങ്ങിക്കഴിഞ്ഞാൽ  പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് വിവരിക്കുന്നതാണ് ഈ വചനഭാഗത്തിന്റെ സന്ദർഭം. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള യേശുവിന്റെ പ്രവചനവചനങ്ങളും ഉറപ്പും ഇവിടെ ദൃശ്യമാണ്.

## സാരം

യേശുവിനോടുള്ള വെറുപ്പും യേശുവിനെ തള്ളിക്കളയലും മാത്രമല്ല യേശുവിന്റെ പ്രഭാഷണങ്ങളുടെ അവസാനമായി കാണേണ്ടത്. അതിനെക്കാൾ ഉപരിയായി, സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് യേശുവിന്റെ വിടവാങ്ങൽ സന്ദേശത്തിന്റെ കാതൽ. യേശുവിന്റെ വേർപാട് ശിഷ്യർക്ക് ദുഃഖത്തിന് കാരണമാകുന്നുണ്ടെങ്കിലും നിർണായകമായ, ന്യായം നടത്തുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ആശ്വാസം നൽകും: പാപം, നീതി, ന്യായവിധി എന്നിവയെക്കുറിച്ച് പരിശുദ്ധാത്മാവ് ബോധ്യപ്പെടുത്തും. ശിഷ്യർ 'ഇപ്പോൾ' ദുഃഖത്തിന്റെ അവസ്ഥയിലൂടെ കടന്നുപോകുമെങ്കിലും, 'പിന്നീട്' ആ ദുഃഖം സന്തോഷമായി മാറും.

## സന്ദേശം

ദുഃഖങ്ങൾക്ക് അവധി നൽകുന്നവനാണ് പരിശുദ്ധാത്മാവ്. ദുഃഖം മാനുഷികമായിരിക്കാം; എന്നാൽ യഥാർത്ഥസന്തോഷം ദൈവികമാണ്, അത് പരിശുദ്ധാത്മാവ് നൽകുന്നു. യഥാർത്ഥ സന്തോഷത്തിലേക്ക് ഒരു വ്യക്തിയെ നയിക്കേണ്ടത് യേശുവിന്റെ വചനങ്ങളോടുള്ള ആഴമായ സ്നേഹമാണ്. വചനബന്ധിതജീവിതം നയിക്കുന്നവർക്കുള്ളതാണ് യഥാർത്ഥ സന്തോഷം. തടസ്സങ്ങളും പ്രയാസങ്ങളും ജീവിതത്തിലുണ്ടാകും. യേശുവിന്റെ വിടവാങ്ങൽ വഴിയായി വിദ്വേഷം, തിരസ്കരണം തുടങ്ങി മരണംപോലും ശിഷ്യർക്ക് സംഭവിക്കാം, എന്നാൽ പരിശുദ്ധാത്മാവിന്റെ സന്തോഷങ്ങളും ദാനങ്ങളും ഇതിനേക്കാളുപരിയാണ്. യേശുവിന്റെ പരസ്യജീവിതശുശ്രൂഷയുടെ ആരംഭത്തിൽ ഇക്കാര്യങ്ങളൊന്നും ഈശോ വെളിവാക്കിയില്ല, കാരണം അത് ശിഷ്യരുടെ രൂപീകരണത്തിന്റെ നാളുകളായിരുന്നു. എന്നാൽ യേശുവിന്റെ 'സമയത്തിൽ' (അന്ത്യ വിനാഴിക) ഇതെല്ലാം യേശു വെളിപ്പെടുത്തുന്നു. ഒരു പരാജിതന്റെ മരണമായി യേശുവിന്റെ ജീവിതം കാണപ്പെടാമെങ്കിലും മഹത്ത്വത്തിന്റെ, ഉയർപ്പിന്റെ നിമിഷങ്ങൾ അതിൽ ഒളിഞ്ഞിരിപ്പുണ്ട്. ശത്രുവിന്റെ വിജയമണിക്കൂറായി ഇത് 'തോന്നാമെങ്കിലും' യഥാർത്ഥത്തിൽ ശത്രുവിന്റെ പരാജയമാണത്. ശത്രുമഥന നായകനാണ് ഈശോ.

**ഡോ. ഡേവിസ് പനക്കൽ CMI**

# പ്രസംഗം
## സഹായകനായ പരിശുദ്ധാത്മാവ്

തന്നെ ലോകത്തിലേക്കയച്ച പിതാവിന്റെ പക്കലേക്ക് യേശു തിരിച്ചുപോവുകയാണ്. യേശുവിന്റെ വേർപാടറിഞ്ഞ ശിഷ്യന്മാരുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു. യേശു പോയാൽ സഹായകൻ അവരുടെ അടുക്കലേക്ക് വരും. പോയില്ലെങ്കിൽ സഹായകൻ അവരുടെ അടുക്കലേക്ക് വരുകയില്ല. പരിശുദ്ധാത്മാവ് സഹായകനായി വരുന്നതാണ് ശിഷ്യർക്ക് നല്ലതെന്നാണ് യേശു പറയുന്നത്. മഹത്ത്വീകൃതനാകുന്ന യേശുവാണ് പരിശുദ്ധാത്മാവിനെ നൽകുന്നത്. യേശുവിന്റെ സ്ഥാനമാണ് പരിശുദ്ധാത്മാവ് എടുക്കുന്നത്. പരിശുദ്ധാത്മാവ് ശിഷ്യരിൽ വന്നുവസിക്കുമ്പോൾമാത്രമേ അവർക്ക് യേശുവിനെ പൂർണമായും മനസ്സിലാക്കാൻ കഴിയൂ.

യേശുതന്നെ ഈ ഭൂമിയിൽ തുടരുന്നതായിരുന്നില്ല ദൈവികപദ്ധതി. ഇത് ദൈവിക പദ്ധതിയായികണ്ട് ഇതിനോടു സഹകരിക്കുന്നതാണ് ശിഷ്യർക്ക് നല്ലതെന്നാണ് യേശു ശിഷ്യരെ ഓർമിപ്പിക്കുന്നത്. യേശുവിനെ തിരസ്കരിച്ച ലോകത്തെ പരിശുദ്ധാത്മാവ് ചില കാര്യങ്ങൾ പഠിപ്പിക്കും. ലോകത്തിന്റെ പാപത്തെപ്പറ്റി ബോധ്യപ്പെടുത്തും. ലോകം യേശുവിൽ വിശ്വസിച്ചില്ല എന്നതാണ് പാപം. ലോകത്തിന്റെ തിന്മക്കെതിരെ സാക്ഷ്യംവഹിച്ച യേശുവിന്റെ ദൗത്യം തുടരുകയാണ് പരിശുദ്ധാത്മാവ്. പാപം, നീതി, ന്യായവിധി ഇവയെപ്പറ്റി പരിശുദ്ധാത്മാവ് ലോകത്തെ ബോധ്യപ്പെടുത്തും. വിശ്വാസമില്ലാത്തതുകൊണ്ടാണ് ലോകം യേശുവിനെ ക്രൂശിലേറ്റിയത്. ലോകം കുരിശിൽ തറച്ചുകൊന്ന യേശുവിനെ ദൈവം ഉയർത്തി തന്റെ വലതുവശത്ത് ഉപവിഷ്ടനാക്കിയതുവഴി നീതിമാനായ യേശുവിനെ കുറ്റക്കാരനാക്കിയതിന്റെ പൊള്ളത്തരം ആത്മാവ് വെളിവാക്കും. പരിശുദ്ധാത്മാവ് ശിഷ്യന്മാരെ പഠിപ്പിക്കും. യേശുവിന്റെ ഉത്ഥാനശേഷമേ അവിടുത്തെ പരസ്യജീവിതകാലത്ത് പറഞ്ഞതിന്റെയും സംഭവിച്ചതിന്റെയും ശരിയായ അർത്ഥം ശിഷ്യർക്ക് മനസ്സിലാകുകയുള്ളൂ.

യേശു വെളിപ്പെടുത്തിയ എല്ലാക്കാര്യങ്ങളും ശിഷ്യർ ഗ്രഹിച്ചില്ല. യേശു വെളിപ്പെടുത്തിയ എല്ലാ സത്യങ്ങളിലേക്കും ശിഷ്യരെ നയിക്കുന്ന ദൗത്യമാണ് പരിശുദ്ധാത്മാവിനുള്ളത്. സത്യത്തിലേക്ക് നയിക്കുക. പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽനിന്നും കേൾക്കുന്നവമാത്രമേ ശിഷ്യരോട് പറയുകയുള്ളൂ. പരിശുദ്ധാത്മാവ് ശിഷ്യരെ നയിക്കുന്നത് യേശുവിന്റെ അടുക്കലേക്കാണ്. ഓരോരുത്തർക്കും യേശു ആരായിരിക്കണം, എന്തായിരിക്കണം എന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തികൊടുക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അറിയിക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് വെളിപാടുകൾ യേശുവിൽനിന്ന് സ്വീകരിച്ച് അതു ശിഷ്യരോട് പ്രഖ്യാപിക്കുന്നു. ഉത്ഥിതനായ യേശുവിനെ ലോകത്തിന് വെളിപ്പെടുത്തി ക്കൊടുക്കുന്നത് പരിശുദ്ധാത്മാവാണ്. അതുവഴി സഹായകനായ പരിശുദ്ധാത്മാവ് യേശുവിനെ മഹത്ത്വപ്പെടുത്തുന്നു.

**ഫാ. മാത്യു ചിറയിൽ**

# മെയ് 23
# പെന്തിക്കോസ്തിപ്പെരുന്നാൾ

## ഭാഷ്യം

### യോഹ 14:15-24

## സന്ദർഭം

ഈശോ ലോകത്തിൽനിന്നു പിൻവാങ്ങിയശേഷവും ലഭ്യമാകുന്ന അവിടുത്തെ സാന്നിധ്യത്തെക്കുറിച്ചും ഈശോയെയും അവിടുത്തെ കല്പനകളെയും അനുസരിക്കുന്നതിന്റെ ഫലങ്ങളെക്കുറിച്ചുമാണ് യോഹ 14:15-24 പ്രതിപാദിക്കുന്നത്. മൂന്നുപ്രമേയങ്ങൾ ഇതിലുൾക്കൊള്ളുന്നു: *പാരക്ലേത്താ* (സഹായകൻ)യും ലോകവും; ഈശോയും പിതാവുമായുള്ള ഏകത; ഈശോയെയും അവിടുത്തെ കല്പനകളെയും അനുസരിക്കുന്നതിലൂടെയുള്ള സ്നേഹം.

## സാരം

ഈശോയുടെ കല്പനകൾ പാലിക്കാതെ അവിടുത്തെ സ്നേഹത്തെ തിരസ്കരിച്ചു ജീവിക്കുന്ന ലോകത്തിനു അപ്രാപ്യവും എന്നാൽ അവിടുത്തെ കല്പനകളെ അനുസരിച്ചു ഈശോയോടുള്ള സ്നേഹത്തിലായിരിക്കുന്ന അവിടുത്തെ അനുയായികൾക്കു സമൃദ്ധമായി നൽകപ്പെടുന്ന ഉത്ഥിതകർത്താവിന്റെ തുടർച്ചയായ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വാഗ്ദാനമാണ് ഇന്നത്തെ സുവിശേഷത്തിന്റെ സദ്വാർത്ത. ഈശോ ലോകത്തിനു പിതാവിന്റെ സാന്നിധ്യത്തെ വെളിവാക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്ത കൂദാശയാണെങ്കിൽ, ഈശോ വാഗ്ദാനം ചെയ്യുന്ന സത്യാത്മാവ് അവിടുത്തെ സാന്നിധ്യത്തെ ലോകാവസാനംവരെ അനുഭവേദ്യമാക്കുന്ന സാന്നിധ്യമായിരിക്കും.

## സന്ദേശം

ഈശോമിശിഹായുടെ തുടർച്ചയാണ് പരിശുദ്ധാത്മാവ് എന്ന ദർശനം കൂടുതൽ ബോധ്യതലത്തിൽ കൊണ്ടുവരേണ്ടതുണ്ട്. ചില പ്പോഴെങ്കിലും, പരിശുദ്ധാത്മാഭിഷേകം ഈശോമിശിഹായുമായി ബന്ധമില്ലാത്ത എന്തോ ഒന്നായി അവതരിപ്പിക്കപ്പെടുന്നുണ്ടല്ലോ. അതുപോലെ, ഈശോമിശിഹായിലൂടെ നൽകപ്പെടുന്ന രക്ഷയാകു ന്ന സത്യത്തിനാണ് ഈ ആത്മാവ് സാക്ഷ്യം നൽകുന്നത്. ഈ സ ത്യത്തോട് മുഖംതിരിച്ചു നിൽക്കുന്ന പ്രതിലോമശക്തികൾക്കു സ ത്യാത്മാവ് അന്യമായിരിക്കുമെന്നും വിവക്ഷയുണ്ട്. വചനപാലന ത്തിലൂടെ ഈശോയുടെ സ്നേഹത്തിൽ നിലനിൽക്കാനും അവി ടുന്നു നൽകുന്ന സത്യാത്മാവിന്റെ വരുതിയിൽ ജീവിക്കാനും ഇന്ന ത്തെ സുവിശേഷഭാഗം നമ്മോട് ആഹ്വാനംചെയ്യുന്നു.

**ഡോ. ജോയ് ഫിലിപ്പ് കാക്കനാട്ട് CMI**

# പ്രസംഗം

## അതിജീവനത്തിനും നന്മയ്ക്കും സഹായകൻ

"ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല" (യോഹ 14:18). ദൈവം മനുഷ്യവർഗത്തിനു നൽകിയ ഏറ്റവും മനോഹരമായ വാഗ്ദാനത്തിന്റെ സ്മരണ പുതുക്കലാണ് പെന്തക്കൊസ്തി. ആരെല്ലാം നമ്മെ തള്ളിക്കളഞ്ഞാലും ഏതെല്ലാം പ്രതിസന്ധിയിൽക്കൂടി നീ കടന്നുപോയാലും ഒരിക്കലും ദൈവം നമ്മെ ഉപേക്ഷിക്കയില്ല എന്നതിന്റെ ഉറപ്പാണ് പെന്തക്കോസ്തി. ഫലം ശേഖരിക്കാൻ വന്ന പുത്രനെ വെളിയിലേക്കെറിഞ്ഞു കൊന്നുകളഞ്ഞിട്ടും (ലൂക്കാ 20:9–19) പരിശുദ്ധാത്മാവിനെ നൽകി മനുഷ്യവർഗത്തോടുള്ള വിശ്വസ്തതയുടെ ആഴം പ്രഖ്യാപിക്കുന്ന തിരുനാളാണ് പെന്തക്കോസ്തി. വൃദ്ധരെപ്പോലും സ്വപ്നംകാണാൻ പ്രേരിപ്പിപ്പിക്കുകയും ജീവിതത്തിൽ പ്രതീക്ഷക്കായി ഒരു അതിഥിയെ ദൈവം നൽകിയ തിരുനാളാ ണ് പെന്തക്കൊസ്തി. യോഹന്നാൻ അവനെ പരിചയപ്പെടുത്തുക 'സഹായകൻ' എന്നാണ് (യോഹ 14:16).

പിച്ചവച്ചുനടക്കുന്ന കുഞ്ഞിനെ കരുതലോടെ വഴിനടത്തുന്ന ഒരമ്മയുടെ ചാരുതയോടെ നമ്മെ വഴിനടത്തും 'സഹായകൻ.' അതിനാലാണ് സങ്കീർത്തകൻ പാടിയത് "മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണു ഞാൻ നടക്കുന്നതെങ്കിലും അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" (സങ്കീ 23:4) എന്ന്. കൂടെയിരിക്കുന്നവനാണ് ആത്മാവ്. ജീവിതത്തിന്റെ ആന്തരാത്മാവാണ് ഈ സഹായകൻ (ഏശ 30:21). പെന്തിക്കൊസ്തി കാലഘട്ടത്തിൽ മാത്രമല്ല, നമ്മുടെ ജീവിതത്തിന്റെ അവസാനകാലംവരെ ഈ സഹായകന്റെ കൂടെനടക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. കാരണം ഈ ആത്മാവ് സ്പർശിക്കാത്ത ഇടങ്ങളില്ല. ധൂപകുറ്റിവാഴ്‌വിന്റെ അവസാനം 'അവൻ നമ്മുടെ പിതാക്കൻമാരുടെയും നേതാക്കന്മാരുടെയും...' എന്നു തുടങ്ങുന്ന പ്രാർത്ഥന പരിശുദ്ധാത്മാവ് സ്പർശിക്കുന്ന ഇടങ്ങളെയാണ് സൂചിപ്പിക്കുന്നത്.

ഒരു വ്യക്തി പരിശുദ്ധാത്മാവിന്റെ കൂടെ നടക്കുന്നു എന്നതിന്റെ അടയാളം ക്രിസ്തുതന്നെയാണ്. പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി സ്നാനാനന്തരം യേശു മരുഭൂമിയിലേക്ക് പോയി. 'ആത്മാവ്' അവനെ മരുഭൂമിയിലേക്ക് നയിച്ചു (ലൂക്കാ 4:1) എന്നാണ് സുവിശേഷം സാക്ഷിക്കുക. അതായത് പരിശുദ്ധാത്മാവ് ഒരു വ്യക്തിയെ സ്വച്ഛതയുടെ തലത്തിലേക്കുമാത്രമല്ല, പരീക്ഷണത്തിന്റെ തലത്തിലേക്കും നയിക്കും. എന്നാൽ ആ പരീക്ഷണത്തിലും പരിശുദ്ധാത്മാവ് നമ്മുടെ കൂടെയുണ്ടായിരിക്കും എന്നുചുരുക്കം. സഹായകൻ അതിജീവനത്തിന്റെ കരുത്താണ് നൽകുന്നത്. ആത്മാവ് നിറഞ്ഞവരാരും സ്വന്തം കാര്യത്തിനായി എന്തെങ്കിലും ചെയ്തതായി കാണുന്നില്ല. മറിച്ച് മറ്റുള്ളവരിലേക്ക് ഇറങ്ങുന്നു. ഇതാണ് ആത്മാവിന്റെ രണ്ടാമത്തെ ലക്ഷണം. പരിശുദ്ധന്മാരെല്ലാവരുടെയും ജീവിതം കാണിച്ചുതരുന്നതും അതുതന്നെ.

ആയതിനാൽ ഈ പെന്തക്കൊസ്തിയിൽ സഹായകനോടുചേർന്നു പരീക്ഷകളെ അതിജീവിക്കാൻ നമുക്കു പരിശ്രമിക്കാം. അതോടൊപ്പം ആത്മാവ് നിറഞ്ഞവരായി മറ്റുള്ളവരിലേക്ക് ഇറങ്ങാം.

**ഫാ. ജിയോ OIC**

# മെയ് 30
# പെന്തിക്കോസ്തിക്കുശേഷം
# 1–ാം ഞായർ

## ഭാഷ്യം

യോഹ 6:25-33

### സന്ദർഭം

അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ പോറ്റിയ വലിയ അത്ഭുതത്തിൽ ആവേശംകൊണ്ട് ഈശോയെ രാജാവാക്കാൻ ഇറങ്ങിതിരിച്ചവർ ഈശോയെ വീണ്ടും കണ്ടെത്തുന്നതും അവിടുത്തോടു ആവശത്തോടെ കാര്യങ്ങൾ തിരക്കുന്നതുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലം. പക്ഷെ, അവരുടെ ഉത്സാഹത്തിൽ മതിമറന്ന് അവരുടെ പദ്ധതിക്ക് തലവച്ചുകൊടുക്കാൻ ഈശോ മുതിരുന്നില്ല. കാരണം, അവിടുത്തേക്ക് അവരെ കൃത്യമായി അറിയാമായിരുന്നു. അതുകൊണ്ടുതന്നെ യാതൊരു വളച്ചുകെട്ടുമില്ലാതെ ഈശോ അത് അവരോടു പറയുകയും ചെയ്തു.

### സാരം

വിശന്നപ്പോൾ അവർക്കു അപ്പം വർധിപ്പിച്ചു ഭക്ഷണം കൊടുത്തത് ഈശോ നൽകുന്ന ആത്മീയവിരുന്നിന്റെ ഒരടയാളം മാത്രമാണെന്നും അടയാളത്തിൽകുടുങ്ങി, അതുകാണിച്ചുതരുന്ന ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കരുതെന്നുമാണ് ഈശോ നിഷ്കർഷിക്കുന്നത്. ശരീരപുഷ്ടിക്കുതകുന്ന ഭക്ഷണത്തിനു നാം തീവ്രമായി ആഗ്രഹിക്കുന്നതുപോലെ, ആത്മീയപോഷണത്തിനായും ആഗ്രഹിച്ചു പരിശ്രമിക്കണമെന്നാണ് ഈശോ പഠിപ്പിക്കുന്നത്.

### സാരം

മോശയുടെ മധ്യസ്ഥതയാൽ മരുഭൂവിൽ ദൈവം മന്നാ നൽകിയത് മോശയുടെ അധികാരം തെളിയിക്കുന്ന അടയാളമായി യഹൂദർ

മനസ്സിലാക്കിയിരുന്നു. അതിന്റെ വെളിച്ചത്തിലാണ്, ഈ ശോയോടു അവർ അടയാളം ചോദിക്കുന്നത്. മധ്യസ്ഥനെ അത്ഭു തത്തിന്റെ കർത്താവായി കാണരുതെന്ന തിരുത്തലോടെ, മരുഭൂവിൽ മന്നാ നൽ കിയ പിതാവായ ദൈവം, നിത്യജീവന്റെ അച്ചാരമായ സ്വർഗത്തിൽ നിന്നുള്ള യഥാർത്ഥമായ അപ്പം തന്നിലൂടെ ലോകത്തിനു സമ്മാന മായി നൽകും എന്ന് ഈശോ സമർത്ഥിക്കുന്നു.

## സന്ദേശം

അടയാളങ്ങൾക്കും അത്ഭുതങ്ങൾക്കുംവേണ്ടി നെട്ടോട്ടമോടു മ്പോൾ, പിതാവായ ദൈവം നമുക്ക് നൽകിയ ഏറ്റവും വലിയ അ ത്ഭുതവും അടയാളവുമായ ദിവ്യകാരുണ്യത്തെ, നിത്യജീവന്റെ മ ന്നയെ ഉൾക്കൊള്ളാനും ജീവിതനിയമമാക്കാനും ഈശോ നമ്മെ ക്ഷണിക്കുന്നു. അതുപോലെ, അത്ഭുതത്തിന്റെ മധ്യസ്ഥർ, അതിന്റെ കർത്താക്കളായി നടിക്കുന്നതിലെ പൊള്ളത്തരവും ചിന്താവിഷയമാ ക്കാവുന്നതാണ്.

**ഫാ. ജോയ് ഫിലിപ്പ് കാക്കനാട്ട് CMI**

# പ്രസംഗം

## അനശ്വരത തേടി...

അഞ്ചപ്പംകൊണ്ട് അയ്യായിരത്തിനെ തൃപ്തിപ്പെടുത്തിയതിനുശേഷം ക്രിസ്തു പരിതപിക്കുകയാണ്. അടയാളങ്ങൾ കണ്ടതുകൊണ്ടല്ല അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്. അടയാളങ്ങളിലൂടെ ഉടയവനെ കണ്ടുമുട്ടുന്നതിനുപകരം അടയാളങ്ങളെ 'എന്റർടെയിൻമെന്റുകളായി' കരുതുന്നവർ എല്ലാക്കാലത്തും യഥാർത്ഥ ആത്മീയതയുടെ ശത്രുക്കളാവുകയാണ്. ആത്മീയത 'അനുഷ്ഠാനകലയായി' മാറുന്നവർക്കൊക്കെ ഒരു ചാൺ വയറിനപ്പുറം താത്പര്യങ്ങളൊന്നുമില്ലായെന്നതാണ് വേദനിപ്പിക്കുന്ന സത്യം.

നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുന്നതിനുപകരം മനുഷ്യപുത്രൻ തരുന്ന അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാൻ അവൻ നിർബന്ധിക്കുകയാണ്. നിത്യജീവന്റെ അപ്പത്തെക്കാൾ നശ്വരതയെ സ്നേഹിക്കുന്നതിന്റെ ദുരന്തം നന്നായി മനസ്സിലാക്കുന്ന വചനമാണ് "ഈ ജീവിതത്തിനുവേണ്ടിമാത്രം ക്രിസ്തുവിൽ പ്രത്യാശവച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്." 1കോറി 15:19 ഭൂമിയിലെ ഏറ്റവും വലിയ നിർഭാഗ്യമായി ബൈബിൾ പറയുന്നത് മണ്ണിനുവേണ്ടിമാത്രം ജീവിക്കുന്ന വിണ്ണിന്റെ മക്കളുടെ ശാപത്തെപ്പറ്റിയാണ്.

പിക്നിക്കിനുപോകുമ്പോൾ പാറക്കെട്ടിൽനിന്നും കിട്ടുന്ന കഴുകന്റെ മുട്ട ആരുമറിയാതെ അടയിരിക്കുന്ന കോഴിയുടെ ചിറകിനടിയിൽ നിക്ഷേപിക്കുന്ന കുട്ടിയുടെ കഥ നമുക്കു പരിചിതമാണ്. കോഴിക്കുഞ്ഞുങ്ങളുടെകൂടെ വളരുന്ന കഴുകൻകുഞ്ഞ് താനും അവരിലൊരാളാണെന്നുകരുതി ചിക്കിയും മാന്തിയും കോഴിയെപ്പോലെ കഴിയുന്നു. ഒരിക്കൽ ആകാശത്തുപറക്കുന്ന ഒരു കഴുകൻ അവനെ പ്രചോദിപ്പിക്കുകയാണ്. വീണും എഴുന്നേറ്റും അവനും പറക്കാൻ പഠിക്കുന്നു. ഒരു കഴുകനെപ്പോലെ ജീവിക്കുന്ന അപ്പന്റെ ഭവനത്തിന്റെ സമൃദ്ധിമറന്ന് പന്നിക്കൂട്ടിലെ തവിടിൽമാത്രം ശ്രദ്ധിക്കുന്ന ധൂർത്തപുത്രനും അവന്റെ തിരിച്ചുവരവും അനശ്വരതയെ വീണ്ടും കണ്ടെത്തുന്നവർക്കുള്ള പ്രചോദനമാണ്.

മാമ്മോദീസയിലൂടെ ഓരോ ക്രിസ്ത്യാനിയും സ്വർഗത്തിന്റെ പൗരത്വം നേടുന്നവരാണ്. രാജാവിന്റെ മകനായിട്ടും അടിമയെപ്പോലെ ജീവിക്കുന്ന ദുര്യോഗം നമുക്കുമുണ്ടാവാം. സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നവരായി, പിതാവിനെപ്പോലെ കരുണയുള്ളവരായി നിത്യതയുടെ വെളിച്ചത്തിൽ ജീവിക്കാൻ നമുക്ക് സാധിക്കട്ടെ.

ക്രിസ്തുവിനെത്തന്നെ നോക്കുക, ഞാനാണ് വലിയവനെന്നു കലഹിക്കുന്നവരെയൊക്കെ അവൻ കാലുകഴുകി ജീവിതം നൽകുന്നവനായി മാറുന്നുണ്ട്. മണ്ണിന്റെ സ്വഭാവംമാത്രമുള്ളവർ പിന്നെ ആത്മാവിന്റെ ഒരു പുതിയ സ്നാനത്തിലൂടെ രക്തസാക്ഷ്യത്വത്തിനുപോലും തയ്യാറാകത്തക്കവണ്ണം പുതിയ സൃഷ്ടികളായി മാറുകയാണ്. അവന്റെ നെഞ്ചോടുചേർന്നിരിക്കുമ്പോൾ, അവന്റെ ശരീരത്തിൽനിന്നു ഭക്ഷിക്കുമ്പോൾ ആദ്യമുണ്ടാകുന്ന മാറ്റം അനശ്വരതയോടുള്ള പ്രണയമാണ്. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെക്കുറിച്ച് നിരീശ്വരവാദിയായ ജവഹർലാൽ നെഹ്റുപോലും പറയുന്നത് 'മണ്ണിന്റേതല്ലാതെ മണ്ണിലൂടെ നടന്ന ഒരാൾ' എന്നാണ്. വിശുദ്ധരായ ഡാമിയനും മദർതെരേസയും സ്തേഫാനോസുമൊക്കെ ഇങ്ങനെ അനശ്വരതയുടെ അപ്പത്തെ തേടിക്കൊണ്ട് നമ്മുടെ ഹൃദയങ്ങളെ നിത്യതയിലേക്ക് വലിച്ചടുപ്പിക്കുന്നവരാണ്. പശുവിനെയും പട്ടിയെയും പോലെ കുറച്ചുനാൾ 'ജീവിച്ചുമരിച്ചു' എന്നുപറയേണ്ടവരല്ല നാമെന്ന് ഇന്നത്തെ വചനം നമ്മെ ഓർമിപ്പിക്കുന്നു.

നിയോഗശുദ്ധി (Purity of Intention) എന്നൊരു വാക്ക് നാം മറന്നുതുടങ്ങിയോ എന്നൊരു സംശയമുണ്ട്. ഭക്തകൃത്യങ്ങളിലും ദാനധർമ്മത്തിലും രക്തസാക്ഷ്യത്വത്തിൽപ്പോലും ആൾക്കൂട്ടത്തിന്റെ കൈയടിയും ബാങ്കുബാലൻസുംമാത്രം ലക്ഷ്യമാകാമെന്ന സാധുതയും നമ്മെ നോവിപ്പിക്കണം. 'കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്; ദരിദ്രരോട് സുവിശേഷമറിയിക്കാൻ അവിടുന്നെന്നെ അയച്ചിരിക്കുന്നു'വെന്നു പറയുമ്പോൾ തിരികെനൽകാൻ കഴിയാത്തവന് സുവിശേഷമാകാൻ ആത്മാവിന്റെ ഒരു സാന്നിധ്യമാവശ്യമാണെന്നുകൂടി നാം വായിച്ചെടുക്കണം. പ്രതിഫലമില്ലാത്ത (പ്രതീക്ഷിക്കാത്ത) സുവിശേഷശുശ്രൂഷകളൊക്കെ ആത്മസാന്നിധ്യത്തെ ഓർമപ്പെടുത്തുമ്പോൾ പ്രതിഫലം പ്രതീക്ഷിച്ചുമാത്രം ചെയ്യുന്നതൊക്കെ നശ്വരതയുടെ വഴിയാണെന്നും ഓർമിച്ചുവയ്ക്കാം.

**ഫാ. ഷോജി വെച്ചൂർകരോട്ട്**

Date of Publication: 13 April 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 102)

# കാരുണികൻവരിക്കാരുടെ ശ്രദ്ധയ്ക്ക്

കാരുണികന്റെ വരിസംഖ്യ ബാങ്കുവഴി അയയ്ക്കുന്നവർ താഴെ കാണുന്ന അക്കൗണ്ടിൽ നിക്ഷേപിച്ചുകഴിഞ്ഞാലുടൻ ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.

**വരിസംഖ്യാനിരക്കുകൾ**

1 വർഷം: 300/-
2 വർഷം: 550/-
3 വർഷം: 800/-
5 വർഷം: 1300 /-

**A/c Name- Director Karunikan**
**No. 17 530 1000 30 870**
**Bank- Federal Bank**
**Branch Thevara**
**IFSC- FDRL0001753**

**Ph: 0484 2663933, 9995802006**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*